കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.8)284/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി :11.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.8)284/2020 തീയതി : 11.03.2020

<u>എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ</u>

<u>2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.09.2018 മുതൽ 31.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

<u>(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ വിനോദ്.കെ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.02.2019 മുതൽ<br>19.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീമതി റസിയാബീവി.ജെ,<br>ഓഡിറ്റ് ഓഫീസർ<br>ശ്രീ.സി.എം.റഷീദ്, |

| | |
|---|---|
| | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ബബിത.ബി.കുമാർ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി സ്വപ്ന.വി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോസ് തോമസ് | 01.04.2018 മുതൽ 31.12.2018 വരെ |
| | ഒഴിവ് | 01.01.2019 മുതൽ 22.01.2019 വരെ |
| | ശ്രീ എൻ.ജെ.ജോർജ് | 23.01.2019 മുതൽ 31.03.2019 വരെ |
| വൈസ് പ്രസിഡന്റ് | രാജശ്രീ അനിൽ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | ടോം ലൂക്കോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | നിർമ്മല അനിൽ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി ജാസ്മിൻ അഹമ്മദ്.എൻ. അസി.സെക്രട്ടറി ഇൻചാർജ് | 01.04.2018 മുതൽ 19.04.2018 വരെ |
| | ശ്രീമതി ജയ.പി | 20.04.2018 മുതൽ 21.06.2018വരെ |
| | ശ്രീ സുധീർ.ബി | 22.06.2018 മുതൽ 10.07.2018 FN വരെ |
| | ശ്രീമതി മിനി എസ് അസി.സെക്രട്ടറി ഇൻചാർജ് | 10.07.2018 AN മുതൽ 16.07.2018 FN വരെ |
| | ശ്രീ റെജിമോൻ പി പി | 16.07.2018 AN മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ജാസ്മിൻ അഹമ്മദ്.എൻ. | 01.04.2018 മുതൽ 20.06.2018 വരെ |
| | ശ്രീമതി മിനി.എസ് | 21.06.2018 മുതൽ [illegible] |

| | | |
|---|---|---|
| | | 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.രാഹുൽ കൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുധീർഖാൻ | 01.04.2018 മുതൽ 15.04.2018 വരെ |
| | ഡോ.പി.സി.പുഷ്കരൻ | 17.04.2018 മുതൽ 05.01.2019 വരെ |
| | ഡോ മിനി.ആർ | 06.01.2019 മുതൽ 31.03.2019 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു.ബി.എ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റഷൻ ഓഫീസർ (മടക്കത്താനം) | ശ്രീ.ബിജു.പി.ബി | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഞ്ഞള്ളൂർ) | ശ്രീമതി.ദിവ്യ. കെ.പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ,അലോപ്പതി | ഡോ.ജയലക്ഷ്മി | 04.12.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ(എംപ്ലോയ്മെന്റ് നിയമനം) | ശ്രീമതി ഷേബ പി. ബേബി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മായ മാത്യു | 01.04.2018 മുതൽ 26.06.2018 FN വരെ |
| | ഡോ.റാണിലക്ഷ്മി | 26.06.2018 AN മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.പി.കെ.സുജാത | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ശരത്ത്. ബി.ജോഷി | 01.04.2018 മുതൽ 18.06.2018 വരെ |
| | ശ്രീമതി.ആര്യ സി ഉണ്ണി | 19.06.2018 മുതൽ 11.07.2018 വരെ |
| | ശ്രീ സാം മാത്യു സാബു | 12.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. അനുവിശ്വം | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|

| | ഭാഗം 1 | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി –പ്രവൃത്തികളുടെ സംക്ഷിപ്തം | 1-13 |
| 14 | വെള്ളക്കരം -വർഷാന്ത്യം ഭീമമായ കുടിശിക | 1-14 |
| 15 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനത്തിന് അംഗീകാരം നേടിയില്ല | 1-15 |
| 16 | തൊഴിൽ നികുതി-അപാകതകൾ | 1-16 |
| 17 | റോഡ് റെസ്റ്റോറേഷൻചാർജ് - അപാകതകൾ | 1-17 |
| 18 | സോളാർ സ്ട്രീറ്റ് പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 19 | ടാക്സ് ബിൽ ഇല്ലാതെ ടാക്സ് തുക അനുവദിച്ചു | 1-19 |
| 20 | ഭൂവികസന ഫീസ് ഈടാക്കിയില്ല | 1-20 |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| | ഇല്ല | |
| | ഭാഗം 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 24 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-7 |
| 28 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 30. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 31 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 32 | 2018-19 വർഷത്തെ റെസീറ്റ് ആന്റ് പേയ്മെന്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ, ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 12.03.18 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 07.05.2019 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 10.06.2019-11.06.2019 | കെ.എസ്.എ.ഇ.കെ.എം.(പി.ജി)1227(28)/ 2019/ 03.08.19 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4124333.00 |
| വരവ് | 59949069.00 |
| ആകെ | 64073402.00 |
| ചെലവ് | 53016503.00 |
| നീക്കിയിരിപ്പ് | 11056899.00 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 10915294* | 10915294 | 10915294 | 0 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 3044276 | 3044276 | 3044276 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 167000 | 167000 | 167000 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 6796745 | 6796745 | 6796745 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 2732460 | 2732460 | 2732460 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 5146000 | 5146000 | 5146000 | 0 |
| ദുരിതാശ്വാസനിധി | | 8852 | 314 | 9166 | 0 | 9166 |
| സാനിട്ടേഷൻ | | 829656 | 1656837 | 2486493 | 393300 | 2093193 |
| ഐ.സി.ഡി.എസ് | | 368174 | 382575 | 750749 | 265907 | 484842 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | 5029 | 405534 | 410563 | 400519 | 10044 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 394496 | 952233 | 1346729 | 1007773 | 338956 |
| | ജില്ലാ പഞ്ചായത്ത് | 407540 | 1716220 | 2123760 | 1266220 | 857540 |
| ബി ഫണ്ട് | | 0 | 194800 | 194800 | 194800 | 0 |
| വിമുക്തി (എക്സൈസ്) | | 12500 | 25000 | 37500 | 0 | 37500 |
| ഫ്ലഡ് റിലീഫ് ഫണ്ട് | | 0 | 225000 | 225000 | 225000 | 0 |
| ഗുണഭോക്തൃവിഹിതം | | 189390 | 581860 | 771250 | 580750 | 190500 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2449132 | 16034363 | 18483495 | 13027135 | 5456360 |
| | ട്രഷറി അക്കൗണ്ട് | -540436 | 8898727 | 8358291 | 7048124 | 1310167 |
| വെസ്റ്റേൺ ഘട്ട് | | 12128 | 0 | 12128 | 0 | 12128 |

| | | | | | |
|---|---|---|---|---|---|
| ജലനിധി | 10000 | 0 | 10000 | 0 | 10000 |

* വെള്ളക്കരം ഉത്സവത്തിൽ കുറവ് ചെയ്ത 239318/- രൂപ ഉൾപ്പെടെയുള്ള തുക.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 73707034 | 109 | 38872666 | 3 | 45 | 69.42% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5029 | 405534 | 410563 | 400519 | 10044 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 16630669 | 16630669 | 16630669 | |
| ആകെ | 5029 | 17036203 | 17041232 | 17031188 | 10044 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16800 | 14 |
| കർഷകതൊഴിലാളി | 2136000 | 151 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 6517900 | 530 |
| വാർദ്ധക്യകാലപെൻഷൻ | 11529500 | 831 |
| ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1852700 | 140 |
| അവിവാഹിതരായ 50വയസ്സിന് മേൽ പ്രായമുള്ള സ്ത്രീകൾക്ക് പെൻഷൻ | 322300 | 30 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.02.2020ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാനിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 172428/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളുടേയും രേഖകളുടേയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ഗ്രാമ പഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിറ്റസ് ബുക്കുകൾ കൃത്യമായി പരിപാലിക്കുന്നുണ്ട്. യോഗതീരുമാനങ്ങളും ചർച്ചകളുടെ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തി, ക്ലോസ്സ് ചെയ്തുപോരുന്നുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനിറ്റ്സുകളും ഭംഗിയായി കൈകാര്യം ചെയ്തുപോരുന്നുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/02/2020 | 1/20 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ | 15/6/2007 - 25/6/2007 | 1997-98 to 2006- | 30/7/2007 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 07 | |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ ഓഡിറ്റ് സാക്ഷ്യപത്രത്തിന്റെ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

# 1-13 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - പ്രവൃത്തികളുടെ സംക്ഷിപ്തം

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ചും പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തികൾ സംബന്ധിച്ചുമുള്ള വിവരങ്ങളുടെ സംക്ഷിപ്ത രൂപം താഴെ പറയുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 1553 |
| ആകെ രജിസ്റ്റർ ചെയ്ത തൊഴിലാളികൾ | 1766 |
| നല്കിയ തൊഴിൽ ദിനങ്ങൾ | 41705 |
| തൻവർഷത്തെ ചെലവ് | 17031188 /- |

<u>2018-19ൽ ചെയ്ത 99 പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരം</u>

| ഇനം | പ്രവൃത്തി | എണ്ണം |
|---|---|---|
| മഴവെള്ളസംഭരണവും മഴക്കൊയ്ത്തും | മഴക്കുഴി, കയ്യാല നിർമ്മാണം | 27 |
| പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | തോട് ആഴം കൂട്ടി വശങ്ങൾ സംരക്ഷിക്കൽ, തോട് സൈഡ് കെട്ട് | 2 |
| ഭവനനിർമ്മാണം | എസ് ടി ഭവനം | 2 |
| | എസ് സി ഭവനം | 3 |
| | ന്യൂനപക്ഷ ക്ഷേമവകുപ്പ് ഭവനം | 1 |
| | ലൈഫ് പദ്ധതി | 30 |
| വ്യക്തികളുടെ പുരയിടത്തിലെ | കുളം | 2 |
| | ഭൂവികസനപ്രവൃത്തികൾ | 1 |

| | | |
|---|---|---|
| നിർമ്മാണം | | |
| ഗ്രാമീണ റോഡുകളുടെ നിർമ്മാണം | കോൺക്രീറ്റിംഗ് | 24 |
| ജലസേചനം | കനാൽ പുനരുദ്ധാരണം | 2 |
| വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗമനപ്രവൃത്തികൾ | ജലനിർഗമനചാലുകളുടെ പുനരുദ്ധാരണം | 4 |
| നിർമ്മാണം | സിമന്റ്, ഇഷ്ടിക | 1 |
| ആകെ | | 99 |

# 1-14 വെള്ളക്കരം-വർഷാന്ത്യം ഭീമമായ കുടിശിക

കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിന് 12.03.19 ന് നല്കിയ ഡിമാന്റ് നോട്ടീസ് പ്രകാരം 31.03.19നകം വെള്ളക്കരമിനത്തിൽ നൽകേണ്ട തുക താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| 28.02.19 വരെയുള്ള തുക | 65,62,547 /- |
| പിഴ | 1,28,726 /- |
| തൻമാസത്തെ തുക | 1,15,500 /- |
| ആകെ | 68,06,773 /- |

ഡിമാന്റ് നോട്ടീസ് പ്രകാരം പഞ്ചായത്തിൽ ആകെയുള്ള പൈപ്പുകളുടെ എണ്ണം 264 ആണ്. ഇവയിൽ ആവശ്യമില്ലാത്തതും ഉപയോഗശൂന്യമായിട്ടുള്ളതും ആയ പൈപ്പുകൾ വിച്ഛേദിക്കുന്നതിന് 2019-20ൽ പദ്ധതി രൂപീകരിച്ച് അംഗീകാരം നേടിയിട്ടുണ്ട്. ആയത് അനുസരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കി 1,97,000/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് എന്നും കുടിശിക സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15,17.02.2020) ഹാജരാക്കിയ മറുപടിയിൽ അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-15 ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനത്തിന് അംഗീകാരം നേടിയില്ല

ഓഡിറ്റ് വർഷം ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തി നിശ്ചിതനിരക്കിൽ വേതനം നല്കുന്നതിന് തനത് ഫണ്ടിൽ നിന്നും

തുക വിനിയോഗിച്ചിട്ടുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും വേതനം നൽകുന്നതും സംബന്ധിച്ച് 26.02.2016 ൽ സ.ഉ.(അച്ചടി) 28/2016/ ധന.നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ദിവസവേതന നിയമനങ്ങൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി മാത്രമെ നടത്താവൂ. പഞ്ചായത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ ആയി നിയമനം നല്കി വേതനം അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | പേര് | ജോലി ചെയ്ത കാലയളവ്, ദിവസം | വേതനത്തിന്റെ നിരക്ക് | നല്കിയ തുക, വൗച്ചർ നം. |
|---|---|---|---|---|
| 1 | ശ്രീവിദ്യ ദാമോദരൻ | മാർച്ച് 2018, 22 | 710/- പ്രതിദിനം | 15620/-, 21800020 /05.04.18 |
| 2 | ശ്രീവിദ്യ ദാമോദരൻ | ഏപ്രിൽ 2018, 15 | 710 /- പ്രതിദിനം | 10650/-, 21800091 /02.05.18 |
| 3 | ലക്ഷ്മി രാജൻ | മെയ് 2018, 15 | 710/- പ്രതിദിനം | 10650/-, 21800181 /04.06.18 |
| 4 | ലക്ഷ്മി രാജൻ | ജൂൺ 2018, 15 | 710/- പ്രതിദിനം | 10650/-, 21800251 /02.07.18 |
| 5 | ശ്രീവിദ്യ ദാമോദരൻ | ജൂലൈ 2018, 17 | 725/- പ്രതിദിനം | 12325/-, 21800341 /09.08.18 |
| 6 | ശ്രീവിദ്യ ദാമോദരൻ | സെപ്തംബർ 2018, 20 | 725/- പ്രതിദിനം | 14500/-, 21800502 /01.10.18 |
| 7 | ലക്ഷ്മി രാജൻ | ഒക്ടോബർ 2018, 21 | 725/- പ്രതിദിനം | 15225/-, 21800591 /01.11.18 |
| 8 | ലക്ഷ്മി രാജൻ | നവംബർ 2018, 20 | 725/- പ്രതിദിനം | 14500/-, 21800692 /03.12.18 |
| 9 | ലക്ഷ്മി രാജൻ | ഡിസംബർ 2018, 23 | 725/- പ്രതിദിനം | 16675/-, 21800841 /01.01.19 |
| 10 | ശ്രീവിദ്യ ദാമോദരൻ | ജനുവരി 2019, 19 | 725/- പ്രതിദിനം | 13775/-, 21800924 /01.02.19 |

| | | | | |
|---|---|---|---|---|
| 11 | ശ്രീവിദ്യ ദാമോദരൻ | ഫെബ്രുവരി 2019, 19 | 725/- പ്രതിദിനം | 13775/-, 21800995 /02.03.19 |
| ആകെ നല്കിയത് | | | | 1,48,345 /- |

നിയമനം നടത്തിയതിനും നിരക്ക് നിശ്ചയിച്ചതിനും സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനു വിധേയമായി 1,48,345/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-16 തൊഴിൽ നികുതി-അപാകതകൾ

സ്ഥാപനമേധാവികൾ സമർപ്പിച്ചിട്ടുള്ള ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനപത്രികകൾ പരിശോധിച്ചതിൽ വാഴക്കുളം പൊലീസ് സ്റ്റേഷനിലെ ജീവനക്കാർ വരുമാനം സംബന്ധിച്ചുള്ള വിവരങ്ങൾ കാണിക്കാതെ ഒരു തുക ഓൺലൈനായി ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്. തൊഴിൽ നികുതി രജിസ്റ്ററിൽ ജീവനക്കാരുടെ എണ്ണം,വേതനം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഈ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ പൊലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ വരുമാനപത്രികകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടുണ്ടെന്ന് അറിയിച്ചു. വരുമാനത്തിനനുസരിച്ചുതന്നെയാണ് ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതും അല്ലാത്തപക്ഷം കുറവ് വന്ന തുക ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല.

1. കെ എസ് ഇ ബി
2. ബി എസ് എൻ എൽ

താഴെ പറയുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ പൈനാപ്പിൾ വ്യാപാരം ചെയ്യുന്നുണ്ട്.

1. അന്ന പൈനാപ്പിൾ ഏജൻസീസ്
2. എ ജി എ പൈനാപ്പിൾ ഏജൻസീസ്
3. റോയൽ പൈനാപ്പിൾ ഏജൻസീസ്
4. മാതാ പൈനാപ്പിൾ ഏജൻസീസ്
5. സെന്റ് ജോർജ് പൈനാപ്പിൾ ഏജൻസീസ്
6. ടി എസ് പൈനാപ്പിൾ ഏജൻസീസ്
7. പുന്നയ്ക്കൽ പൈനാപ്പിൾ ഏജൻസീസ്
8. ക്വീൻസ് പൈനാപ്പിൾ ഏജൻസീസ്

കൂടാതെ ക്ഷീരസഹകരണസംഘങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൈനാപ്പിൾ ഏജൻസീസുകളുടെയും ക്ഷീരസഹകരണസംഘങ്ങളുടെയും പേര് വിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. മുകളിൽ പറഞ്ഞ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

.

# 1-17 റോഡ് റെസ്റ്റോറേഷൻചാർജ് - അപാകതകൾ

പഞ്ചായത്ത് റോഡ് കുഴിച്ച് OFC കേബിൾ ഇടുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അനുമതി നൽകി. എന്നാൽ അനുമതി നൽകലിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല. അനുമതി നൽകലിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ നം / തീയതി | ബി 3-2921/18/12/7/2108, റിലയൻസ് ജിയോ ഇൻഫോകോം |
| റോഡ് | കോളനി കവല SH 8To – വിമല മാത സ്കൂൾ |
| റോഡിന്റെ നീളം | 1.5 കി മീ |
| ഫീസിന്റെ വിവരം | 9,19,881/- രൂപ, രസീത് നം 118010400014/14.11.2018 |

അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് 11.02.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) നൽകിയ മറുപടി (നം/തീയതി ഇല്ല) കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തുന്നത്.

1. RoW (Right of way) പെർമിഷൻ ഫീസ് ഈടാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണ (ഡിസി)വകുപ്പിന്റെ 22-05-2018 ഡിസി.2/531/2017/തസ്വഭവ സർക്കുലർ പ്രകാരം ടെലികോം കമ്പനികൾക്ക് സംസ്ഥാനത്തെ റോഡുകളിലൂടെ OFC

കേബിളുകൾ ഇടുന്നതിന് RoW(Right of way) പെർമിഷന് വേണ്ടി 75000/കി.മീ നിരക്കിൽ ഒറ്റ തവണ ഫീസ് ഈടാക്കണം. എന്നാൽ അപേക്ഷകനിൽ നിന്ന് പ്രസ്തുത ഫീസ് ഈടാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ മറുപടിയിൽ ഫീസ് അടക്കാൻ സ്ഥാപനത്തിന് കത്ത് നൽകുന്നതാണെന്ന് അറിയിച്ചു.

2. <u>റിസ്റ്റോറേഷൻ ഫീസ് ഈടാക്കിയതിലെ അപാകത.</u>

പൊതുമരാമത്ത് (എൻഎച്ച്) വകുപ്പിന്റെ 10/10/12ലെ PWD10-184285(B) നമ്പർ സർക്കുലർ പ്രകാരം റോഡ് പൂതുക്കി പണിയുന്ന പ്രവൃത്തികൾ കുറഞ്ഞത് 1 മീറ്റർ വീതിയിൽ ചെയ്യേണ്ടതാണ്. കൂടാതെ ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനമാക്കിയ ചീഫ് എഞ്ചിനീയറുടെ 22/5/2018 ലെ CE /R&B/GL-RC/1/2018 പ്രകാരവും ബ്ലാക്ക് ടോപ്പ്ഡ് സർഫേസുകളിൽ റിസ്റ്റോറേഷൻ വീതിയായി പരിഗണിക്കേണ്ടത് 1 മീറ്റർ ആണ്. എന്നാൽ പഞ്ചായത്ത് പരിഗണിച്ചിട്ടുള്ളത് 0.50 മീറ്റർ ആണ്. വിശദ വിവരം താഴെ ചേർക്കുന്നു.

<u>ഈടാക്കിയ ഫീസ്</u>

| ക്രമ നം | ഇനം | വശങ്ങളുടെ എണ്ണം | നീളം | വീതി | അളവ് | നിരക്ക് | ആകെ (രൂപ) |
|---|---|---|---|---|---|---|---|
| 1 | എർത്ത് കട്ടിംഗ് | 2 | 450 | 0.50 | 450 | 329.87 | 148441.50 |
| 2 | എർത്ത് കട്ടിംഗ് | 1 | 300 | 0.50 | 150 | 329.87 | 49480.50 |
| 3 | 20 എം എം ചിപ്പിംഗ് കാർപ്പറ്റ് | 1 | 300 | 0.50 | 150 | 4695.67 | 704350.50 |
| 4 | 20 എം എം ചിപ്പിംഗ് കാർപ്പറ്റ് | 1 | 4.50 | 0.50 | 2.25 | 4695.67 | 10565.26 |
| 5 | 20 എം എം ചിപ്പിംഗ് കാർപ്പറ്റ് | 1 | 3.00 | 0.50 | 1.5 | 4695.67 | 7043.505 |
| | | | | | | ആകെ | 919881.27 |

<u>ഈടാക്കേണ്ട ഫീസ്</u>

| ക്രമ നം | ഇനം | എണ്ണം | നീളം | വീതി | അളവ് | നിരക്ക് | ആകെ (രൂപ) |
|---|---|---|---|---|---|---|---|
| 1 | എർത്ത് കട്ടിംഗ് | 2 | 450 | 0.50 | 450 | 329.87 | 148441.50 |
| 2 | എർത്ത് കട്ടിംഗ് | 1 | 300 | 0.50 | 150 | 329.87 | 49480.50 |
| 3 | 20 എം എം ചിപ്പിംഗ് കാർപ്പറ്റ് | 1 | 300 | 1 | 300 | 4695.67 | 1408701.00 |
| 4 | 20 എം എം ചിപ്പിംഗ് കാർപ്പറ്റ് | 1 | 4.50 | 1 | 4.50 | 4695.67 | 21130.50 |
| 5 | 20 എം എം ചിപ്പിംഗ് | 1 | 3.00 | 1 | 3.00 | 4695.67 | 14087.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കാർപ്പറ്റ് | | | | | | |
| | ആകെ | | | | | | 1641840.5 |

ഇക്കാര്യം സംബന്ധിച്ച് നൽകിയ മറുപടിയിൽ വീതി കൂടിയ റോഡിൽ 850 മീറ്റർ നീളത്തിലും വീതി കുറഞ്ഞ റോഡിൽ 300 മീറ്റർ നീളത്തിലും മാത്രമാണ് റോഡ് കട്ടിംഗ് ചെയ്തിട്ടുള്ളൂ എന്നറിയിച്ചു. നിലവിൽ ചെയ്ത പ്രവൃത്തി അളന്ന് പരിശോധിച്ച് അസി.എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം സെക്രട്ടറി മറുപടി സമർപ്പിച്ചത്. അസി.എഞ്ചിനീയർ തന്നെ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് 1058 മീറ്റർ റോഡ് കട്ടിംഗിന് അനുമതി നൽകിയത്. നിലവിൽ അത്ര അളവിൽ ചെയ്തിട്ടില്ല എന്ന മറുപടി തൃപ്തികരമല്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥന്റേയും ജനപ്രതിനിധികളുടേയും സംയുക്ത പരിശോധന നടത്തി അളവ് പരിശോധിച്ച് പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടില്ലയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-18 സോളാർ സ്ട്രീറ്റ് ലൈറ്റ് പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പഞ്ചായത്ത് നടപ്പാക്കിയ സോളാർ സ്ട്രീറ്റ് ലൈറ്റ് പ്രൊജക്ടിന്റെ തൃപ്തികരമായ രീതിയിലല്ല നിർവ്വഹണം നടത്തിയിട്ടുള്ളത്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം/പേര് | SO151/19, പ്രധാന കേന്ദ്രങ്ങളിൽ സോളാർ വഴി വിളക്കുകൾ സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1056000/-രൂപ<br>തനത് ഫണ്ട് - 44000/- രൂപ<br>ആകെ - 1100000/-രൂപ. |
| ചെലവ് | 1056000 രൂപ |
| ട്രഷറി ബിൽ നമ്പർ | 13/14.11.18 – 500000/-<br>23/22.1.2019 - 556000/-<br>ആകെ - 1056000/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

പഞ്ചായത്തിന്റെ 01.02.2018 ലെ A4-18/18 നം ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ 4 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ | സ്ഥാപനം | നിരക്ക് |
|---|---|---|

| നം | | |
|---|---|---|
| 1 | ഹൈക്കോൺ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ | 65238.00 |
| 2 | സോൾജൻ എനർജി പ്രൈവറ്റ് ലിമിറ്റഡ് | 46781.57 |
| 3 | റോസ് സോളാർ സൊല്യൂഷൻ, കാണക്കാരി | 40600.00 |
| 4 | സി എൽ എസ് ഇൻഡസ്ട്രീസ്, തിരുവനന്തപുരം | 61200.00 |

സി എൽ എസ് ഇൻഡസ്ട്രീസിൽ നിന്നാണ് സോളാർ വഴിവിളക്കുകൾ വാങ്ങിയിട്ടുള്ളത്. ടെണ്ടർ നിബന്ധന പാലിക്കാത്തതിനാൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ നിരസിച്ചു. വാങ്ങലിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| എണ്ണം | 18 |
| ബിൽ നം /തുക | GLS/GST-059/17-18,<br>11,00,000 രൂപ.<br>(ലിമിറ്റഡ് റ്റു 1056000/- രൂപ) |

പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു. (അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 12.02.2020 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2) നൽകിയ മറുപടി (നം A3-477/20/15.02.2020) കൂടി പരിഗണിച്ചാണ് പരാമർശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ പ്രകാരം എം പാനൽഡ് ലിസ്റ്റിൽപെട്ടവരിൽ നിന്നാണ് ടെണ്ടർ സ്വീകരിക്കേണ്ടത്. എന്നാൽ പ്രസ്തുത വ്യവസ്ഥ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ അന്വേഷിച്ച സ്ഥാപനങ്ങളോട് പ്രസ്തുത വ്യവസ്ഥ അറിയിച്ചിട്ടുണ്ട് എന്ന് മറുപടി നൽകി. ടെണ്ടർ നോട്ടീസിൽ പ്രസ്തുത സുപ്രധാന വ്യവസ്ഥ ഉൾപ്പെടുത്താതിരുന്നത് ഒരപാകതയാണ്.

2. സ്ട്രീറ്റ് ലൈറ്റുകൾ സംബന്ധിച്ച് വ്യാപക പരാതി ഉണ്ടായതിനാൽ ലൈറ്റുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറി 16.05.2018 ലെ A4-18-18 നം കത്ത് പ്രകാരം അനർട്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനർട്ട് 20.06.2018 ൽ നൽകിയ 10/SPV-STL/MANJALLUR നം പരിശോധനാ റിപ്പോർട്ടിൽ പഞ്ചായത്ത് ടെണ്ടർ മുഖേന ആവശ്യപ്പെട്ട സാമഗ്രികൾ ആണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഉയരത്തിൽ സ്ഥാപിക്കപ്പെട്ടതിനാൽ ലൈറ്റുകളോ, ബാറ്ററിയോ, പാനലോ പരിശോധിക്കാൻ സാധിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. സോളാർ ലൈറ്റുകൾ പലതും നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും അറ്റകുറ്റപ്പണികൾ

നടത്തി പ്രവർത്തിപ്പിക്കേണ്ടതാണെന്നും അറിയിച്ച് സെക്രട്ടറി 09.19.2019 ൽ എ 4-4086/2018 പ്രകാരം സി എൽ എസിന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. ലൈറ്റുകളുടെ ഗുണമേന്മാ നിലവാരം പഞ്ചായത്ത് പരിശോധിച്ചിട്ടുണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. നിലവിൽ ലൈറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് മറുപടി നൽകി.

3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.06.2017 ലെ DA/1/244/2017 നം ഉത്തരവ് പ്രകാരം സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിന് തിരഞ്ഞെടുക്കുന്ന സ്ഥലത്തിന്റെ കിഴക്ക്, തെക്ക്, പടിഞ്ഞാറ് ഭാഗങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ മരങ്ങളുടെയോ, കെട്ടിടങ്ങളുടെയോ നിഴൽ പതിക്കാൻ പാടില്ല. എന്നാൽ അനർട്ട് റിപ്പോർട്ട് പ്രകാരം 18 ലൈറ്റുകളിൽ പലതും മരങ്ങളുടെ നിഴൽ പതിക്കുന്ന സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്. ലൈറ്റുകൾ സ്ഥാപിക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടതിന് നിലവിൽ ശിഖരങ്ങൾ വെട്ടിമാറ്റിയിട്ടുണ്ട് എന്ന് മറുപടി നൽകി.

4. സോളാർ ലൈറ്റുകളുടെ നിലവിലെ അവസ്ഥ സാങ്കേതിക വിഭാഗം ഉൾപ്പെട്ട ടീം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.
സോളാർ ലൈറ്റുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട കമ്മറ്റിക്ക് പരിശോധിക്കാവുന്നതും നിർവ്വഹണ ഏജൻസി വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-19 ടാക്സ് ബിൽ ഇല്ലാതെ ടാക്സ് തുക അനുവദിച്ചു

പഞ്ചായത്ത് 2018-19 ൽ കുടുംബശ്രീ ഓഫീസിലേക്ക് ഫർണിച്ചർ,മൈക്ക് സെറ്റ് എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ വാങ്ങിയതിന് സ്ഥാപനം നൽകിയിട്ടുള്ളത് ടാക്സ് ബില്ലിന് പകരം ഇൻവോയ്സ് ആണ്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | S0077/19, കുടുംബശ്രീ ഓഫീസിലേക്ക് ഫർണിച്ചർ, മിനി ക്യാമറ, മൈക്ക് സെറ്റ് എന്നിവ വാങ്ങൽ |
| അടങ്കൽ, ഫണ്ടിനം | പൊതുവിഭാഗം - 150000 /- |
| ചെലവ് | 149680രൂപ |
| ട്രഷറി ബിൽ | 3/26.11.2019 |

| | |
|---|---|
| നമ്പർ | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി:സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

പഞ്ചായത്തിന്റെ 30.8.2018 ലെ A4-18/2018 നം ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ നിന്ന് കെ പി എം എന്റർപ്രൈസസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തെയാണ് 30.10.2018 ലെ 1/4 നം പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം വിതരണത്തിന് തിരഞ്ഞെടുത്തത്. 6 ഇനങ്ങൾക്ക് 149680 രൂപയാണ് 12% ജി എസ് റ്റി ഉൾപ്പെടെ സ്ഥാപനം ക്വോട്ട് ചെയ്തത്. സ്ഥാപനം 22.11.2018 ൽ ഉപകരണങ്ങൾ വിതരണം നടത്തുകയും തുക നൽകുകയും ചെയ്തു. എന്നാൽ സ്ഥാപനം പഞ്ചായത്തിന് ലഭ്യമാക്കിയിട്ടുള്ളത് 149680 രൂപയുടെ 22.11.2018 ലെ 021 നം ടാക്സ് ഇൻവോയ്സ് ആണ്. ഇക്കാര്യം സംബന്ധിച്ച് 14.02.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3) നൽകിയ മറുപടിയിൽ (നം.A3-477/2020/17.02.2020) ജി.എസ്.റ്റി ഉൾപ്പെടെയുള്ള ബിൽ നൽകുന്നതിന് സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് മറുപടി നൽകി. സ്ഥാപനത്തിൽ നിന്ന് ടാക്സ് ബിൽ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ടാക്സ് ബിൽ ഹാജരാക്കാത്ത പക്ഷം സ്ഥാപനത്തിൽ ടാക്സ് തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-20 ഭൂവികസന ഫീസ് ഈടാക്കിയില്ല

പഞ്ചായത്തിൽ വില്ല പ്രൊജക്ട് നടപ്പാക്കുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ടെങ്കിലും ഭൂവികസന പെർമിറ്റ് നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. കെട്ടിട നിർമ്മാണ സ്ഥലത്ത് റോഡ് നിർമ്മാണം, നിരപ്പാക്കൽ ഇതര ഭൂവികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ചട്ട പ്രകാരം ഈടാക്കേണ്ട ഭൂമി വികസന ഫീസ് ഈടാക്കിയിരുന്നില്ല. കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011ലെ ചട്ടം 4 (1) പ്രകാരം കെട്ടിട നിർമ്മാണത്തിന് ഭൂമി വികസിപ്പിക്കുന്നതിന് സെക്രട്ടറിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. ഭൂമി വികസനത്തിന് ചട്ടം 5 പ്രകാരം ഉടമ അപേക്ഷ സമർപ്പിക്കേണ്ടതും ആയത് പരിഗണിച്ച് പട്ടിക II പ്രകാരമുള്ള ഫീസ് ഈടാക്കി ചട്ടം 7 പ്രകാരം വികസന പെർമിറ്റ് നൽകണം. എന്നാൽ ഇപ്രകാരം വികസന പെർമിറ്റ് നൽകാതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ഫയൽ നം | വസ്തു ഉടമ/പെർമിറ്റ് നം | സർവ്വെ നം | വിസ്തീർണ്ണം | നിർമ്മാണം | ഈടാക്കേണ്ടിയിരുന്ന ഭൂമി വികസന ഫീസ് (250 / ആർ ) (കാറ്റഗറി II പഞ്ചായത്ത് ) |
|---|---|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| A5-BA (250612)/2019 | ജോഷി എ ചെമ്പരത്തി, മുതലക്കോടം, A5-BA (250612)/2019 /7.12.2018 | 21/2,4,21-2-2 മൂവാറ്റുപുഴ താലൂക്ക്, മഞ്ഞള്ളൂർ വില്ലേജ്. | 40.47ആർ | വില്ല പ്രൊജക്ട് | 10118 രൂപ |

| ഫയൽ നം | വസ്തു ഉടമ/ പെർമിറ്റ് നം | സർവ്വെ നം. | വിസ്തീർണ്ണം | നിർമ്മാണം | ഈടാക്കേണ്ടിയിരുന്ന ഭൂമി വികസന ഫീസ് (250/ ആർ (കാറ്റഗറി II പഞ്ചായത്ത് ) |
|---|---|---|---|---|---|
| A5-BA (25064)/ 2019 | ഡോ.കുര്യൻ ജോസഫ്, കദളിക്കാട്,A5-BA (25064)/2019/7.12.2018 | 21/2,4,21-3,21/3-2 മൂവാറ്റുപുഴ താലൂക്ക്, മഞ്ഞള്ളൂർ വില്ലേജ്. | 66.77ആർ | വില്ല പ്രൊജക്ട് | 16693/- രൂപ |

ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12,13/17.2.2020) നൽകിയ മറുപടിയിൽ (A3-477/2020/19.02.2020) അപേക്ഷകർ വില്ലാ പ്രൊജക്ടിന്റെ പണി നിലവിൽ ഉപേക്ഷിച്ചു എന്നും ഓഡിറ്റോറിയം നിർമ്മാണം ആണ് നടത്താൻ പോകുന്നത് എന്നും അറിയിച്ചു. തുടർനടപടികൾ നിരീക്ഷിച്ച് പഞ്ചായത്തിന് ധനനഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 210120 | സമഗ്രനെൽക്യഷി വികസനം( 43/19) | 210120 | 0 |
| | | 800000 | ലൈഫ് (76/19) | 800000 | 0 |
| | 2017-18 | 280040 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (18/19) | 150000 | 130040 |
| | 2018-19 | 106100 | പാലിന് സബ്സിഡി (50/19) | 106100 | 0 |
| | | 600000 | അങ്കണവാടി നിർമ്മാണം(170/19) | 0 | 600000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | ലൈഫ് (76/19) | 400000 | 0 |
| | | 97773 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (18/19) | 97773 | 0 |
| | | 510000 | പാലിന് സബ്സിഡി (50/19) | 510000 | 0 |
| | | 280000 | അങ്കണവാടി നിർമ്മാണം (170/19) | 0 | 280000 |

*ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമായ ഫണ്ടിൽ നിന്നും (OB 407540 + Current 1716220) ആകെ 1266220/- രൂപ ചെലവ് കഴിച്ച് 857540/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 127500/- രൂപ ഏത് പ്രോജക്ടിന് വേണ്ടി ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പുള്ളതാണെന്ന് വ്യക്തമല്ല.

** ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ ഫണ്ടിൽ നിന്നും (OB 114496 + Current 1232233) ആകെ 1007773/- രൂപ ചെലവ് കഴിച്ച് 338956/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ തൻവർഷം അങ്കണവാടി നിർമ്മാണത്തിന് ലഭിച്ച 280000/- രൂപയും മുൻവർഷം നെൽക്കൃഷി വികസനത്തിന് ലഭിച്ച തുകയിലെ 58956/-രൂപയും ഉൾപ്പെടുന്നു.

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | വിവിധ വാർഡുകളിലെ പൈപ്പ്ലൈൻ നീട്ടൽ (82/19) | 21801115 | 1000000/- | 0 | 1000000/- |
| KSEB | വിവിധ വാർഡുകളിലെ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ (78/19) | 21801196 | 728568/- | 0 | 728568/- |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് (KURDFC) | GO(Ms)68/2018/LSGD/ 18.5.2018 | 4369281 | 0 | 0 | 0 | 4369281 |

# 4-5 സ്ഥിരനിക്ഷേപം

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3.2 | 4900 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.മഞ്ഞള്ളൂർ | 118010101421 |
| 1998-99 | 13 | 3410 | ധാനശീലൻ, മുൻ സെക്രട്ടറി | 118010400003 |
| | | 3410 | | 118010400004 |
| | | 3410 | വില്ലേജ് ഓഫീസർ, ചിറ്റൂർ | 118010400010 |
| | | 3410 | | 118020900054 |
| | | 3410 | | 118020900066 |
| | | 3410 | | 118020900121 |
| | | 3410 | | 118020900132 |
| | | 3410 | | 118020900133 |
| | | 3410 | | 118020900135 |
| | | 3410 | | 118020900173 |
| | | 3410 | | 118020900174 |
| ആകെ | | 42410 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998- | 13 | 2003-04 | 14 | വനിതവ്യവസായ | പഞ്ചായത്തിന് നഷ്ടം |

| | | | | | |
|---|---|---|---|---|---|
| 99 | | | | യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത്- അധിക ചെലവ് 66130/-രൂപ | സംഭവിച്ച 66130/- രൂപ റിക്കവറി നടപടിയിലൂടെ ഈടാക്കിയിട്ടുണ്ട്. |
| 2014-15 | 2-1 | 2016-17 | 2-1 അനുബന്ധം 4 | തൊഴിൽ നികുതി ഈടാക്കിയില്ല | തുക മുഴുവൻ ഈടാക്കിയിട്ടുണ്ട്. |
| 2015-16 | 2-1 | 2016-17 | 2-2 അനുബന്ധം 5 | തൊഴിൽ നികുതി ഈടാക്കിയില്ല | 48900/- രൂപയുടെ പരാമർശം ഉള്ളതിൽ 42650/- ഈടാക്കി. മറ്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കാത്ത തിനാൽ 6250/- ഈടാക്കാൻ കഴിഞ്ഞിട്ടില്ല |

# 4-8 ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല.

.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [(മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)] | 64073402.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53016503.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 148345 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 148345 | ശ്രീ റെജിമോൻ പി പി,സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ റെജിമോൻ പി പി, സെക്രട്ടറി | സെക്രട്ടറി,മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | പുത്തൻപുരയ്ക്കൽ വീട്, പൈനിങ്ങൽ പാറ, കാരക്കാട്ട് കുന്ന്, കാരിക്കോട്, മുളന്തുരുത്തി, പിൻ. 682314 |

# 4-10 തീർപ്പാക്കനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ.എഫ്.എം.(പി5)1657/01 തീയതി 26.03.2002 |
| 2001-02 | എൽ.എഫ്.എം.(പി5)1166/03 തീയതി 05.03.2003 |
| 2002-2003dcb | എൽ.എഫ്.എം.(പി5)1140/05 തീയതി 19.10.2007 |
| 2002-2003exp | എൽ.എഫ്.എം.(പി5)93/07 തീയതി 19.10.2007 |
| 2003-04 | എൽ.എഫ്.എം.(പി5)92/07 തീയതി 05.02.2008 |
| 2005-06 | എൽ.എഫ്.എം.(പി5)791/08 തീയതി 28.04.2008 |
| 2006-07 | എൽ.എഫ്.എം.(പി5)190/08 തീയതി 28.04.2008 |
| [illegible] | [illegible] |

| | |
|---|---|
| 2007-2008 | എൽ.എഫ്.എം.(പി5)692/11 തീയതി 09.05.2011 |
| 2008-2009 | എൽ.എഫ്.എം.(പി5)693/11 തീയതി 27.04.2011 |
| 2004-05, 2010-11 2011-2012 | എൽ.എഫ്.എം.(പി8)1657/01 തീയതി 17.05.2013 |
| 2012-2013, 2013-14 | എൽ.എഫ്.എം.(പി8)1904/14 തീയതി 12.02.2013 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി8).1265/16 തീയതി 01.08.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി8).157/17 തീയതി 31.01.17 |
| 2016-2017 | കെ.എസ്.എ.ഇ.കെ.എം (പി8)982/2017 തീയതി15.06.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം (പി8)2026/2018 തീയതി.12.2018 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം

.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## 2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) ഉൾപ്പെടുത്തിയിട്ടില്ല.
2. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
3. റസിഡൻഷ്യൽ ബിൽഡിംഗിന്റെ വസ്തുനികുതി മുൻകൂറായി ലഭിച്ചത് (350410101) RP36 പ്രകാരം 2,500/-രൂപയാണ്. എന്നാൽ ഷെഡ്യൂൾ B9 ൽ ബാദ്ധ്യതയായി 27,280/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
4. നോൺ റസിഡൻഷ്യൽ ബിൽഡിംഗിന്റെ വസ്തു നികുതി (350410104) മുൻകൂറായി തൻവർഷം വരവില്ല. എന്നാൽ ഷെഡ്യൂൾ B9ൽ 16,497/-രൂപയാണ് ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത്.
5. RP40(b) ഷെഡ്യൂളിൽ TSC അക്കൗണ്ടിൽ (450610104) നീക്കിയിരിപ്പ് 15,58,980/- രൂപയാണ്. എന്നാൽ ഷെഡ്യൂൾ B4ൽ TSC ബാദ്ധ്യത (320100115) 3,58,980/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of MANJALLOOR GRAMA PANCHAYAT in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the Rules their under and the guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions and the instructions vide GO(Rt.)1413/2018/LSGD/Dated 22.05.2018.

In my opinion, the Financial Statement of MANJALLOOR GRAMA PANCHAYAT for the year 2018-19 subject to the observations in the annexure-2, properly presents

the picture of income, expenditure and closing balance.

DEPUTY DIRECTOR

## Defects identified on verification of Annual Financial Statement 2018-19 of the MANJALLUR GRAMA PANCHAYATH

1. Basic Ratios are not included in the Annual Financial Statement.
2. Assets including land has not been valued completely and the asset value included in asset register and AFS.
3. The advance collection of Property Tax of Residential building(350410101) in RP.36,Rs.2500/- does not tally with the liability recorded in schedule B.9(Rs.27280/-).
4. There is no advance collection of Property Tax of Non- residential building RP.36,but in schedule B.9 the liability recorded is Rs.16497/-
5. The Closing Balance of TSC Account(450610104)in RP 40(b) is Rs.1558980/-. But in Schedule B.4 the liability in TSC(320100115)is recorded as Rs.358980/-.

DEPUTY DIRECTOR